**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**

*(Under the Holy Apostolic See of Antioch and All the East)* **Reg.No.ER/308/07**

**Circular to All Sunday Schools and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**M.J.S.S.A. HEAD QUARTERS,**
**Puthencruz P.O. Ernakulam Dist.,**
**Kerala state, Pin.- 682 308,**
**Fax & Phone : 0484 -2730150**
**General Secretary. Personal - 9745046911**

**No. M/C/005/ 2019**

**Date: 07-05-2019**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

ദൈവത്തിന്റെ അളവറ്റ കരുണയാൽ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ ഏറെ ഭംഗിയായി നടക്കുന്നു എന്നു കരുതുന്നു. നമ്മുടെ സഭയും, ആദ്ധ്യാത്മീക സംഘടനകളും ഏറെ ദുഃഖകരമായ അവസ്ഥയിലാണല്ലോ. ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥനയോടെ നമുക്ക് ഒരുമിച്ച് മുന്നോട്ട് പോകാം. കൂട്ടായ പ്രവർത്തനങ്ങളിലൂടെ വിജയം കൈവരിക്കുവാൻ ശ്രമിക്കാം. ആയതിനു ദൈവംതമ്പുരാൻ ഇടയാക്കട്ടെ എന്ന് പ്രർത്ഥിക്കാം.

### 1. എം.ജെ.എസ്.എസ്.എ. ശതാബ്ദി

2019 എം.ജെ.എസ്.എസ്.എ.യുടെ ശതാബ്ദി വർഷമാണല്ലോ. 1920 ൽ പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനി ആരംഭിച്ച സൺഡേസ്കൂൾ പ്രസ്ഥാനം നൂറുവർഷത്തിലെത്തിയിരിക്കുന്നു. ശതാബ്ദി ആഘോഷങ്ങളുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾ 2020 ജനുവരിയിൽ സമാപിക്കും. ശതാബ്ദി വർഷത്തിൽ വിവിധ പരിപാടികൾക്കാണ് എം.ജെ.എസ്.എസ്.എ. രൂപം നൽകിയിട്ടുള്ളത്. ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം 2019 ജനുവരി 26 നു ശ്രേഷ്ഠ ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുകയുണ്ടായി. ഭദ്രാസനം, ഡിസ്ട്രിക്റ്റ്, സൺഡേസ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് വിവിധങ്ങളായ ആഘോഷ പരിപാടികൾ നടത്തേണ്ടതാണ്. എം.ജെ.എസ്.എസ്.എ. കേന്ദ്രതലത്തിൽ വിവിധ പരിപാടികൾക്ക് രൂപം നൽകി കഴിഞ്ഞു. ആയതിന്റെ നടത്തിപ്പിനാവശ്യമായ വിവിധ സബ് കമ്മറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്. സമാപന സമ്മേളനത്തോടനുബന്ധിച്ച് പ്രധാനമായും കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്നുമായി ഘോഷയാത്രകൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

1. പതാക ഘോഷയാത്ര - മലബാർ മേഖല (മലബാർ, കോഴിക്കോട്, തൃശൂർ ഭദ്രാസനങ്ങൾ)
2. ദീപശിഖാ പ്രയാണം - തെക്കൻ മേഖല ( കൊല്ലം, നിരണം, തുമ്പമൺ, ഇടുക്കി, കോട്ടയം ഭദ്രാസനങ്ങൾ)
3. കൊടിമര ഘോഷയാത്ര - കണ്ടനാട്, കൊച്ചി ഭദ്രാസനങ്ങൾ
4. ഛായാചിത്ര ഘോഷയാത്ര - അങ്കമാലി ഭദ്രാസനം

വിശദമായ പ്രോഗ്രാമുകൾ പിന്നാലെ അറിയിക്കുന്നതാണ്. ശതാബ്ദി ആഘോഷപരിപാടികൾ ഏറെ വിജയകരമാക്കുവാനും എം.ജെ.എസ്.എസ്.എ.യുടെ ഒരു ചരിത്ര സംഭവമാക്കുവാനും എല്ലാ പ്രവർത്തകരും കുട്ടികളും കരുതലുള്ളവരാകണമെന്നോർപ്പിക്കുന്നു.

### 2. അദ്ധ്യാപക സംഗമം ബാംഗളൂരിൽ

എം.ജെ.എസ്.എസ്.എ. ശതാബ്ദിയുടെ ഭാഗമായി അദ്ധ്യാപകരുടെ ഒരു ഇന്റർനാഷണൽ സംഗമം ബാംഗളൂർ ഭദ്രാസനത്തിൽ ടി.ജോൺ കോളേജിൽ വച്ച് നടത്തുവാൻ ആഗ്രഹിച്ചു ക്രമീകരണങ്ങൾ നടന്നു വരുന്നു. ഒക്ടോബർ മാസത്തിലെ പൂജ അവധിയിൽ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

### 3. വിഷൻ 20-20

2008, 2009, 2019 വർഷങ്ങളിൽ എം.ജെ.എസ്.എസ്.എ. ഏറ്റെടുത്ത എക്സോഡസ്, ഇത്തോസ് പ്രോഗ്രാമിന്റെ തുടർച്ചയായി സൺഡേസ്കൂൾ അദ്ധ്യാപകർക്കും കുട്ടികൾക്കും വിവിധ തലങ്ങളിൽ പരിശീലനം കൊടുക്കുന്നതിന് വേണ്ടി വിഷൻ 20-20 എന്ന പദ്ധതി ആരംഭിച്ചു. ആയതിന്റെ തുടർച്ചയായി 2019 ജൂൺ 22,23 ശനി, ഞായർ ദിവസങ്ങളിൽ പീച്ചാനിക്കാട് സെന്റ് പീറ്റേഴ്സ് കിഴക്കേപുത്തൻപള്ളിയിൽ വെച്ച് എം.ജെ.എസ്.എസ്.എ. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി **"ദി ട്രെയ്നേഴ്സ് ട്രെയിനിംഗ്"** പ്രോഗ്രാം നടത്തപ്പെടുന്നു. 22-ാം തീയതി രാവിലെ 10 മണി മുതൽ 23-ാം തീയതി വൈകിട്ട് 4 മണി വരെ നടത്തപ്പെടുന്ന ഈ പ്രോഗ്രാമിലേയ്ക്ക് വിഷൻ 20-20 പ്രൊജക്റ്റിന്റെ ഭാഗമായി മുൻവർഷങ്ങളിൽ പങ്കെടുത്ത അദ്ധ്യാപകരും പുതുതായി ട്രെയിനറായി ചേരുവാൻ ആഗ്രഹിക്കുന്ന അദ്ധ്യാപകരും മുൻകൂട്ടി രജിസ്റ്റർ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. പ്രഗത്ഭരായവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. രജിസ്ട്രേഷൻ ഫീസ് 200 രൂപയാണ്.

### 4. എം.ജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റ്

**a. കൂപ്പൺ കളക്ഷൻ :-** ക്യാമ്പ് സൈറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സമാഹരണത്തിനായി വിതരണം ചെയ്തിട്ടുള്ള കൂപ്പൺകളക്ഷനിൽ ഏറെ സൺഡേസ്കൂളുകളും ആത്മാർത്ഥമായി സഹകരിച്ചിട്ടുള്ളതാണ്. എന്നാൽ കാര്യമായി സഹകരിക്കുകയോ കണക്കുകൾ എം.ജെ.എസ്.എസ്.എ.യ്ക്കു സമർപ്പിക്കുകയോ ചെയ്യാത്ത

മറുപുറം

സൺഡേസ്കൂളുകളും ഉണ്ട് എന്നുള്ളത് ഖേദകരമാണ്. ഇപ്രകാരം അലംഭാവം കാണിച്ചിട്ടുള്ളവരെ വളരെ ഗൗരവത്തോടെയാണ് എം.ജെ.എസ്.എസ്.എ. കാണുന്നത്. കൂപ്പൺ സംബന്ധിച്ച കണക്കുകൾ ആഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന വിവരം അറിവുള്ളതാണല്ലോ. ഇതു സംബന്ധിച്ചുള്ള അറിയിപ്പുകൾ പലതവണയായി അയച്ചിട്ടുള്ളതുമാണ്. എന്നാൽ ഇതുവരെ യാതൊരു പ്രതികരണവും പല സ്കൂളുകളിൽ നിന്നും ഭദ്രാസനങ്ങളിൽ നിന്നും ഉണ്ടായിട്ടില്ല. അപ്രകാരമുള്ള ഭദ്രാസനങ്ങൾ, ഡിസ്ട്രിക്ടുകൾ വളരെ അടിയന്തിരമായി യോഗങ്ങൾ ചേർന്ന് ഇക്കാര്യത്തിൽ തീർപ്പുണ്ടാക്കി കൂപ്പൺ കണക്കുകളും ബാക്കി കൂപ്പണുകളും തുകകളും ആഡിറ്റിനായി എം.ജെ.എസ്.എസ്.എ.യിൽ ഉടൻ (31.5.19 നകം) ലഭിക്കുവാൻ തക്കതായ ക്രമീകരണങ്ങൾ ചെയ്യണം. അപ്രകാരം ചെയ്യാത്തവരുടെ പേരിൽ ചോദ്യപേപ്പർ വിതരണം തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടെയുള്ളവയിൽ കർശനമായ തീരുമാനമെടുക്കേണ്ടതായി വരുമെന്നു കഴിഞ്ഞ കേന്ദ്രസമിതി ചർച്ച ചെയ്യുകയുണ്ടായി. അതിനാൽ വളരെ ഗൗരവത്തോടെ ഇക്കാര്യത്തിൽ ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കണമെന്ന് ഒരിക്കൽ കൂടി അറിയിക്കുന്നു.

**b. ഫണ്ടു സമാഹരണം :–** നമ്മളേവരുടേയും സ്വപ്ന പദ്ധതിയായ എം.ജെ.എസ്.എസ്.എ. ക്യാമ്പ് സൈറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ശതാബ്ദി വർഷത്തിൽ ആയതിന്റെ നിർമ്മാണം പൂർത്തിയാക്കണമെന്നാണ് ദൈവത്തിൽ ആശ്രയിച്ച് ആഗ്രഹിക്കുന്നത്. ആയതിലേക്കു എം.ജെ.എസ്എസ്.എ.യുടെ എല്ലാ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളും ഇതിനകം സംഭാവനകൾ നൽകി കഴിഞ്ഞു. എല്ലാ കേന്ദ്ര സമിതി അംഗങ്ങളും ഇതിലേക്കു സംഭാവനകൾ നൽകാമെന്നും കേന്ദ്രസമിതി തീരുമാനിക്കുകയും 50% അംഗങ്ങൾ ഇതിനകം സംഭാവനകൾ നൽകുകയും ചെയ്യുകയുണ്ടായി. അതോടൊപ്പം ബഹു.പള്ളികളും സൺഡേസ്കൂളുകളും ഇടവകകളും ഇതിൽ ആത്മാർത്ഥമായി സഹകരിക്കുന്നുവെന്നതിൽ ഏറെ സന്തോഷമുണ്ട്. ഇനിയും സഹകരിക്കാത്തവർ എത്രയും പെട്ടെന്ന് പണികൾ പൂർത്തിയാക്കുവാൻ സഹായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്നും അറിയിക്കുന്നു. ഇതിനായി പള്ളികൾ, സൺഡേസ്കൂളുകൾ, വ്യക്തികൾ എന്നിവരെ വരും ദിവസങ്ങളിൽ ഭാരവാഹികൾ നേരിട്ട് സന്ദർശിക്കുന്നതുമാണ്.

## 5. വാർഷിക പരീക്ഷ

**a**. ഓൺലൈൻ രജിസ്ട്രേഷൻ :–2018 വർഷത്തിൽ എം.ജെ.എസ്.എസ്.എ.വാർഷിക പരീക്ഷയ്ക്കായി പുതിയ സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്യുകയും അതുപ്രകാരം വളരെ വിജയകരമായി വാർഷിക പരീക്ഷ നടത്തുകയും ചെയ്യുവാൻ ദൈവം ഇടയാക്കി. 2019 വർഷത്തിൽ ജെ.എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളുടെ രജിസ്ട്രേഷൻ ഓൺലൈൻ ആക്കുന്നതിനു തീരുമാനിക്കുകയും അപ്രകാരം നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതു സംബന്ധിച്ചുള്ള വിശദമായ സർക്കുലർ ഇതു സഹിതം അയക്കുന്നു. 2019 ജൂലൈ 31 നകം സൺഡേസ്കൂൾ തലങ്ങളിൽ രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ആഗസ്റ്റ് 31 നകം ഡി. ഇൻസ്പെക്ടർമാർ അവ സംബന്ധിച്ചുള്ള പരിശോധനകൾ നടത്തി രജിസ്ട്രേഷൻ കുറ്റമറ്റതാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പിന്നീട് എന്തെങ്കിലും തിരുത്തലുകളോ കൂട്ടിചേർക്കലുകളോ വേണ്ടി വന്നാൽ ആയത് എം.ജെ.എസ്.എസ്.എ.യിൽ മാത്രമെ നടക്കുകയുള്ളു എന്ന വിവരവും അറിയിക്കുന്നു. എം.ജെ.എസ്.എസ്.എ. നടപ്പിലാക്കുന്ന ഈ സംരഭത്തിൽ എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അറിയിക്കുന്നു.

**b**. ഗ്രേഡിംഗ് സമ്പ്രദായം :- വാർഷിക പരീക്ഷയിൽ റാങ്ക് നിർണ്ണയം എന്നതിന് പകരം ഗ്രേഡിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചേന്ദ്ര സമിതിയിൽ ചർച്ച ചെയ്യുകയുണ്ടായി. അടുത്ത പൊതുയോഗ നിശ്ചയത്തിനു വിധേയമായി ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**c**. പരീക്ഷാ ഫീസ് :- വാർഷിക പരീക്ഷയിൽ രജിസ്ട്രേഷൻ ഫീസ് ജെ.എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ കുട്ടി ഒന്നിന് 25 /ക എന്നത് 40/കയാക്കിയും, പ്രൈവെറ്റ് രജിസ്ട്രേഷൻ 50/ക എന്നത് 100/കയാക്കിയും വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

രജിസ്ട്രേഷൻ ഫീ, മറ്റ് സൺഡേസ്കൂൾ വിഹിതങ്ങൾ എന്നിവ നിശ്ചിത സമയത്തിനുള്ളിൽ ത്തന്നെ എം.ജെ.എസ്.എസ്.എ.യിൽ ലഭിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## 6. ആത്മദീപം

**a**. ആത്മദീപം പ്രചരണം :- കഴിഞ്ഞ ജനുവരി മുതൽ ആത്മദീപം പ്രചരണ മാസങ്ങളായി ആചരിക്കുകയാണല്ലോ. പ്രചരണ കാലാവധി മെയ് 15 വരെ ദീർഘിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത കാലാവധിക്കുള്ളിൽ പരമാവധി വരിക്കാരെ ചേർ ക്കുവാൻ സൺഡേസ്കൂളികളിലെ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. ശതാബ്ദി വർഷത്തിൽ വരിക്കാരുടെ എണ്ണം 25,000 ആക്കണമെന്നതാണ് ലക്ഷ്യം. പരസ്യത്തിന്റെ കാര്യത്തിലും എല്ലാവരുടേയും കരുതൽ ഉണ്ടാകണം.

**b**. ആത്മദീപം മത്സരങ്ങൾ :- ആത്മദീപം മാസികയുടെ ആഭിമുഖ്യത്തിൽ ജൂൺ 16 ന് ഡിസ്ട്രിക്റ്റ് തലങ്ങളിൽ താഴെ പറയുന്ന മത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. വിശദ വിവരം മെയ് ലക്കം ആത്മദീപം മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിലായി താഴെ പറയും പ്രകാരം മത്സരങ്ങൾ നടത്തണം. അദ്ധ്യാപകർക്ക് ഉപന്യാസ മത്സരവും നടത്തണം.

1. ചിത്രരചനാ മത്സരം – 2.30 പി.എം. മുതൽ 3.30 പി.എം.വരെ മുൻ വർഷങ്ങളിലേതുപോലെ
2. ചെറുകഥ രചനാ മത്സരം – 3.30 പി.എം. മുതൽ 4.00പി.എം. വരെ
3. അദ്ധ്യാപകരുടെ ഉപന്യാസ രചനാ മത്സരം – 3.30 പി.എം. മുതൽ 4.00 പി.എം. വരെ

**ചെറുകഥ –** (വിദ്യാർത്ഥികൾക്കുള്ളത്) താഴെ പറയുന്ന 3 വേദവാക്യങ്ങളിൽ എം.ജെ.എസ്.എസ്.എ. തിരഞ്ഞെടുത്ത് അറിയിക്കുന്ന ഒരു വാക്യത്തിന്റെ ആശയം ഉൾക്കൊണ്ടു കൊണ്ടുള്ള ചെറുകഥ

1. നിങ്ങളെ വിളിച്ചവൻ വിശ്വസ്തനാകുന്നു.
2. സമയം തക്കത്തിൽ ഉപയോഗിക്കണം.
3. നീ മുഖപക്ഷം കാണിക്കരുത്

**ഉപന്യാസ മത്സരം** (അദ്ധ്യാപകർക്കുള്ളത്) താഴെ പറയുന്ന 3 വിഷയങ്ങളിൽ എം.ജെ.എസ്.എസ്.എ. തിരഞ്ഞെടുത്ത് അറിയിക്കുന്ന ഒരു വിഷയം സംബന്ധിച്ചുള്ള ഉപന്യാസം.

1. ക്രിസ്ത്യാനി എന്ന നിലയിൽ കഷ്ഠത അനുഭവിക്കേണ്ടി വന്നാൽ ലജ്ജിക്കരുത്. (1 പത്രോസ് 4:16)
2. വിളിക്കപ്പെട്ടവർ അനേകർ തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം. (വി.മത്തായി 22:14)
3. കാണപ്പെടുന്ന തന്റെ സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാവതല്ലാത്തവനായ ദൈവത്തെ സ്നേഹിപ്പാൻ എങ്ങിനെ കഴിയും ? ( 1 യോഹന്നാൻ 4:20)

**C.സമ്മാനങ്ങൾ** : ഒന്ന് രണ്ട് മൂന്ന് സ്ഥാനങ്ങൾക്ക് അർഹരാകുന്നവർക്ക് ട്രോഫികളും, ഓരോ ഇനത്തിലും വിജയികളാകുന്ന അഞ്ച് പേർക്ക് ട്രോഫികളും നൽകുന്നതാണ്.

## 7. കലോത്സവം

മുൻ വർഷങ്ങളിലേതുപോലെ ഈ വർഷം കലോത്സവം എല്ലാ തലങ്ങളിലും നടത്തേണ്ടതാണ്. പരിഷ്ക്കരിച്ച തങ്കവാക്യങ്ങൾ, ആരാധനാ ഗീതങ്ങൾ എന്നിവയാണ് മത്സരങ്ങൾക്ക് ഉപയോഗിക്കേണ്ടത്. പ്ലസ് ടു വിദ്യാർത്ഥികൾക്കായി ബൈബിൾ ക്വിസ് മത്സരവും ഉള്ള വിവരം അറിയിക്കുന്നു. ക്വിസ് മത്സരത്തിൽ പ്രഥമ റൗണ്ട് 25 ചോദ്യങ്ങൾ ഉൾപ്പെടുത്തി എഴുത്ത് പരീക്ഷ നടത്തി ആദ്യ 8 പേർക്ക് മത്സരത്തിൽ പങ്കെടുക്കാം. സമയബന്ധിതമായി എല്ലാ തലങ്ങളിലും കലോത്സവം കുറ്റമറ്റ രീതിയിൽ നടത്തുവാൻ ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്. വിശദമായ സർക്കുലർ പിന്നാലെ അയക്കുന്നതാണ്.

## 8. ജെ.എസ്.വി.ബി.എസ്./ ഡേ ഓഫ് ഗിവിംഗ്

ഈ വർഷത്തെ ജെ.എസ്.വി.ബി.എസ്. മുൻ വർഷങ്ങളിലേതു പോലെ വളരെ വിജയകരമായി എല്ലാ കേന്ദ്രങ്ങളിലും നടന്നു വരുന്നു. എന്നാൽ കടുത്ത മദ്ധ്യവേനൽ കാരണം പല കേന്ദ്രങ്ങളിലും വിബിഎസ് നടത്തുവാൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. കഠിനമായ വേനൽ കഴിയുകയും ആവശ്യത്തിന് മഴ ലഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ നടത്താത്ത കേന്ദ്രങ്ങളിൽ ജെ.എസ്.വി.ബി.എസ് നടത്തുന്നതിനുള്ള ആലോചനകളും ക്രമീകരണങ്ങളും ചെയ്യേണ്ടതാണ്. ചാരിറ്റി പ്രവർത്തനങ്ങൾക്കായി സ്വരൂപിക്കുന്ന ഡേ ഓഫ് ഗിവിംഗ് തുക പരമാവധി കളക്ട് ചെയ്ത് യഥാസമയം തന്നെ എം.ജെ.എസ്.എസ്.എ.യിൽ അടയ്ക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു. അടയ്ക്കുന്ന തുകകൾ സംബന്ധിക്കുന്ന വിവരങ്ങൾ ആത്മദീപം മാസികയിൽ അതതു ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

## 9. പെന്തക്കൊസ്തി കാണിക്ക

എം.ജെ.എസ്.എസ്.എ. യുടെ പ്രവർത്തന ഫണ്ട് എന്ന് പറുയന്നത് പെന്തിക്കോസ്തി കാണിക്ക ആണെന്നുള്ളത് എല്ലാവർക്കും അറിവുള്ളതാണല്ലോ. എം.ജെ.എസ്.എസ്.എ.സാമ്പത്തീകമായി ഏറെ ക്ലേശമനുഭവിക്കുന്ന ഒരു സാഹചര്യമാണ് ഇന്ന്. പരീക്ഷാ സമ്പ്രദായത്തിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങൾ, പാഠപുസ്തക പരിഷ്കരണങ്ങൾ, പുതിയപുതിയ പദ്ധതികൾ, ക്യാമ്പ് സൈറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ, എന്നിവയ്ക്കായി ഏറെ പണവും ആവശ്യമായി വരുന്നു. ആയതിനാൽ അടുത്ത് വരുന്ന പെന്തിക്കൊസ്തി കാണിക്ക കളക്ഷനിൽ ഇരട്ടി വർദ്ധനവാണ് എം.ജെ.എസ്.എസ്.എ. പ്രതീക്ഷിക്കുന്നത്. ആയതു സംബന്ധിച്ചുള്ള ശ്രേഷ്ഠ ബാവാ തിരുമേനിയുടെ കല്പന മുൻകൂട്ടി അയക്കുന്നതാണ്. ഇക്കാര്യത്തിൽ എല്ലാ ഭാരവാഹികളും പ്രത്യേകാൽ ഹെഡ്മാസ്റ്റർമാർ ബഹു വികാരി അച്ചനുമായി മുൻകൂട്ടി സംസാരിക്കുകയും കൽപനകൾ വായിക്കുന്നതിനും തുക കളക്ട് ചെയ്ത് ഉടൻ തന്നെ എം.ജെ.എസ്.എസ്.എ.യിൽ ലഭിക്കുന്നതിനു ആവശ്യമായ ക്രമീകരണങ്ങളും ചെയ്യേണ്ടതാണ്.

എം.ജെ.എസ്.എസ്.എ.യുടെ മേൽ പ്രസ്ഥാവിച്ചിട്ടുള്ള നിർദ്ദേശങ്ങളും പരിപാടികളും വിജയകരമാക്കിതീർക്കുവാൻ എല്ലാ പ്രവർത്തകരുടേയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം. ഈ മഹാ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ നമുക്ക് ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള അവസരങ്ങൾ ഒരു ദൈവ നിയോഗമായി കണക്കാക്കി പ്രസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും മറ്റുള്ളവരുടെ പ്രയോജനത്തിനും ഉപകരിക്കുവാൻ ഇടയായിത്തീരട്ടെ. നമ്മുടെ ഇഷ്ടമല്ല പ്രസ്തുത ദൈവത്തിന്റെ ഇഷ്ടം നിറവേറുവാൻ ദൈവം തമ്പുരാൻ സഹായിക്കുമാറാകട്ടെ.

സ്നേഹാദരങ്ങളോടെ
കർത്താവിൽ എളിയ ശുശ്രൂഷകൻ

**ഷെവ. എം.ജെ.മർക്കോസ്**
**ജനറൽ സെക്രട്ടറി (0485-2246211)**
**MOB: 9745046911, 8073580719**